**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1746** **13-02-2025 - ൽ മറുപടിയ്ക്ക്**

**സവിശേഷ സഹായം ആവശ്യമായ കുട്ടികൾക്ക് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പുനലൂർ മണ്ഡലത്തിൽ ഈ വർഷം എസ്.എസ്.എൽ.സി. പരീക്ഷ എഴുതേണ്ട കുട്ടികളിൽ പഠന വൈകല്യമുള്ള എത്ര കുട്ടികൾക്ക് സവിശേഷ സഹായം ആവശ്യമായി വരുമെന്ന കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | **പുനലൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന പുനലൂർ, കൊട്ടാരക്കര വിദ്യാഭ്യാസ ജില്ലകളിൽ നിന്നും എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്നതിന് സവിശേഷ സഹായം ആവശ്യപ്പെട്ട് പഠന വൈകല്യമുള്ള 66 വിദ്യാർത്ഥികൾ അപേക്ഷ നൽകിയിട്ടുണ്ട്.** |
| (ബി) | പ്രസ്തുത കുട്ടികൾക്ക് ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സഹായത്തോടെ ഐ.ക്യൂ. അസസ്സ്മെൻറ് നടത്തി മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | 18 വിദ്യാർത്ഥികൾക്ക് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് ലഭിച്ചു. 48 വിദ്യാർത്ഥികളുടെ ഐ.ക്യൂ അസസ്മെന്റ് നടന്നുവരുന്നു. |
| (സി) | ഇല്ലെങ്കിൽ ഇവർക്ക് അടിയന്തരമായി പ്രസ്തുത സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് പുനലൂരിൽ പ്രത്യേക മെഡിക്കൽ ബോർഡ് കൂടുന്നതിനായി കൊല്ലം ഡി.എം.ഒ. തലത്തിൽ ബന്ധപ്പെട്ട് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | സർട്ടിഫിക്കറ്റ് ലഭിക്കാൻ താമസം നേരിട്ടതിനാൽ പുനലൂർ വിദ്യാഭ്യാസ ജില്ലയിൽ നിന്ന് കൊല്ലം വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ ആഫീസിലേക്ക് വിവരം നൽകിയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ ഡി.എം.ഒ, ഡി.ഡി.ഇ എന്നിവർ കൂടി ആലോചന നടത്തുകയും ഐ.ക്യൂ അസസ്മെന്റ് നടത്തുന്നതിനായി അടിയന്തിര നടപടി സ്വീകരിക്കുകയും ചെയ്തതിന്റെ ഫലമായാണ് സർട്ടിഫിക്കറ്റിന്റെ വിതരണ നടപടികൾ നടന്നുവരുന്നത്. |

സെക്ഷൻ ഓഫീസർ